**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2987</u>** **<u>28-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം നൗഷാദ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്ന സമുദ്രോല്പന്നങ്ങളുടെ അളവിലും കയറ്റുമതി മൂല്യത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്2021-22 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയിലും കയറ്റുമതി മൂല്യത്തിലും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ യൂണിറ്റ് വാല്യൂ റിയലൈസേഷൻ പരിഗണിക്കുമ്പോൾ ഡിസംബർ 2022 വരെയുള്ള കാലയളവിൽ ഡിസംബർ 2021 വരെയുള്ള കാലയളവിനേക്കാൾ നേരിയ കുറവ് കാണുന്നുണ്ട്. വിദേശത്തു നിന്നുള്ള സമുദ്രോൽപ്പന്നങ്ങളുടെ ഓർഡറിൽ ഉണ്ടായ കുറവായിരിക്കാം ഇതിനു കാരണമെന്നു കണക്കാക്കുന്നു. എങ്കിലും 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവുതന്നെയാണ് ഉള്ളത്. |
| (ബി) | സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിക്കുന്ന നിലയിലേക്ക് മത്സ്യമേഖലയെ പ്രാപ്തമാക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നോർവേ, വിയറ്റ്നാം സന്ദർശനങ്ങളുമായി ബന്ധപ്പെട്ട് സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയിൽ പുതിയ വിപണികൾ കണ്ടെത്തുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ആരായുകയുണ്ടായി. സമുദ്രോൽപ്പന്ന കയറ്റുമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന നോർവെ, വിയറ്റ്നാം പോലെയുള്ള രാജ്യങ്ങളിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് പഠിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ ചുമതലപ്പെടുത്തുകയും ആയതിന്റെ ഭാഗമായി ഈ രാജ്യങ്ങളിലെ ബന്ധപ്പെട്ട വിദഗ്ധരായ ഉദ്യോഗസ്ഥരെ കേരളത്തിലേക്ക് |

| | | | |
|---|---|---|---|
| | | | ക്ഷണിക്കുകയും വിവിധ ഘട്ടങ്ങളിലായി വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. ഇതേ തുടർന്ന് നോർവെ മോഡലിൽ ഒരു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ 2023-24 സാമ്പത്തിക വർഷം തന്നെ പ്രവർത്തനം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുൻപോട്ട് പോകുന്നത്. ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സാധ്യമാകുന്നതോടെ മേഖലയിൽ കൂടുതൽ വിപണി മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം സാധ്യമാക്കുക വഴി കൂടുതൽ രാജ്യങ്ങളിലേക്ക് കേരളത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യത വർദ്ധിക്കുമെന്ന് കരുതുന്നു. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സർക്കാരിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമുദ്രോൽപ്പന്ന ഉൽപ്പാദക - കയറ്റുമതി അനുബന്ധ വ്യവസായ ശൃംഖലയുടെ ഒരു കേന്ദ്ര പ്രോത്സാഹന സംവിധാനമായി കൗൺസിൽ പ്രവർത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ